**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3672 — 14.03.2017 ൽ മറുപടിക്ക്

സർക്കാർ മേഖലയിലെ ആശുപത്രി

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ മേഖലയിൽ ഏതെല്ലാം രീതിയിലുള്ള ആശുപത്രികളാണ് നിലവിലുള്ളത്; | (എ) | ഓരോ പഞ്ചായത്തിലും ഒരു പ്രാഥമികാരോഗ്യ കേന്ദ്രം, ബ്ലോക്ക്തലത്തിൽ സാമൂഹികാരോഗ്യകേന്ദ്രം, താലൂക്ക് തലത്തിൽ താലൂക്കാശുപത്രികൾ, ജില്ലാതലത്തിൽ ജില്ലാ ആശുപത്രികൾ, ജില്ലാ ആശുപത്രികൾക്കു മുകളിൽ ജനറൽ ആശുപത്രികൾ, സ്പെഷ്യാലിറ്റി ചികിൽസാ സൗകര്യങ്ങൾ ലഭ്യമാക്കുന്ന ത്വക്ക് രോഗാശുപത്രികൾ, നെഞ്ചുരോഗാശുപത്രികൾ, സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രികൾ, മാനസികാരോഗ്യകേന്ദ്രങ്ങൾ, ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ, റീജിയണൽ ക്യാൻസർ സെന്റർ, ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട്, മലബാർ ക്യാൻസർ കെയർ സെന്റർ എന്നിവയാണ്. |
| (ബി) | ഓരോ കാറ്റഗറിയിലുമുള്ള ആശുപത്രിയേയും തരം തിരിച്ചിരിക്കുന്നത് എന്ത് മാനദണ്ഡത്തിലാണ്; വിശദമാക്കുമോ? | (ബി) | പഞ്ചായത്ത് തലത്തിൽ പ്രാഥമികാരോഗ്യകേന്ദ്രം, ബ്ലോക്ക്തലത്തിൽ സാമൂഹികാരോഗ്യകേന്ദ്രം, താലൂക്ക് തലത്തിൽ ഒരു താലൂക്കാശുപത്രി, ജില്ലാതലത്തിൽ ഒരു ജില്ലാ ആശുപത്രി, അതിനു മുകളിൽ ജനറൽ ആശുപത്രകൾ, സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായുള്ള സ്പെഷ്യാലിറ്റി ആശുപത്രികൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ എന്നിവയായിരുന്നു ആരോഗ്യ വകുപ്പിനു കീഴലുള്ള ആശുപത്രികൾ. എന്നാൽ ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങളും, ഒ.പി-ഐ.പി രോഗികളുടെ അനുപാതം എന്നിവയ്ക്ക് അനുസരിച്ച് കഴിഞ്ഞ കുറെക്കാലങ്ങളായി സർക്കാർ ആശുപത്രികളുടെ നിലവാരം |

| | | | |
|---|---|---|---|
| | | | ഉയർത്താറുണ്ടായിരുന്നു. ഇപ്രകാരം സി.എച്ച്.സി കൾ താലൂക്ക് ആശുപത്രികളായും, താലൂക്ക് ആശുപത്രികൾ ജില്ലാ/ജനറൽ ആശുപത്രികളായും ഉയർത്തപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ ആർദ്രം പദ്ധതിയനുസരിച്ച് വ്യത്യസ്ത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ജില്ല/താലൂക്ക്/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുതല ആരോഗ്യസ്ഥാപനങ്ങളിൽ നിശ്ചിതമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ പുനക്രമീകരിക്കുവാൻ (സ്ഥാപനങ്ങളുടെ സ്റ്റാന്റൈഡെസേഷൻ) ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതിയനുസരിച്ച് ഘട്ടം ഘട്ടമായി ഒരു പഞ്ചായത്തിൽ കുടുംബാരോഗ്യകേന്ദ്രം എന്ന നിലയിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും (സി.എച്ച്.സി യോ മറ്റ് ഗവൺമെന്റ് ആശുപത്രിയോ ഉണ്ടെങ്കിൽ അതുമതിയാവും) ബ്ലോക്ക് തലത്തിൽ ഒരു സി.എച്ച്.സിയും, താലൂക്ക് തലത്തിൽ നിശ്ചിത മാനദണ്ഡ പ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും, ജില്ലയിൽ നിശ്ചിത നിലവാരത്തോടുകൂടിയ ഒരു ജില്ലാതല ആശുപത്രിയും ആണ് ലക്ഷ്യമിടുന്നത്. സ്പെഷ്യാലിറ്റി സൗകര്യത്തോടെ ഓരോ ജില്ലയിലും ജനറൽ ആശുപത്രിയും ആണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ